## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **30-07-2021 - ൽ മറുപടിയ്ക്ക്**

## മങ്കടയിലെ പട്ടികജാതി കോളനികളിലെ കോവിഡ് പ്രതിരോധം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മങ്കട നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോവിഡ് രോഗപ്രതിരോധത്തിനും വ്യാപനം തടയുന്നതിനും വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (എ) | കോവിഡ് 19 മഹാമാരിയുടെ ഒന്നാം തരംഗത്തിൽ വകുപ്പിന്റെ നേതൃത്വത്തിൽ രോഗത്തിന്റെ തീവ്രതയെക്കുറിച്ചും രോഗം പടർന്നു പിടിക്കാതിരിക്കുന്നതിന് എടുക്കേണ്ട മുൻകരുതലുകളെ കുറിച്ചും വാക്സിനേഷൻ സംബന്ധിച്ചും പട്ടികജാതി വിഭാഗക്കാർക്ക് ഇടയിൽ ബോധവൽകരണം നടത്തിയിരുന്നു. ആരോഗ്യ വകുപ്പ് തയ്യാറാക്കിയ ലഘുലേഖ എല്ലാ കുടുംബങ്ങളിലും എത്തിച്ചു. "ബ്രേക്ക് ദ ചെയിൻ" ക്യാമ്പയിനിനെ കുറിച്ചും സാനിറ്റൈസർ, മാസ്ക് എന്നിവ ഉപയോഗിക്കേണ്ടതിന്റെയും സാമൂഹ്യ അകലം പാലിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചും പ്രൊമോട്ടർമാർ വഴി കോളനികളിലെ കുടുംബങ്ങൾക്കിടയിൽ ബോധവൽകരണം നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനി നിവാസികൾക്ക് ലോക്ഡൗൺ കാരണം തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ അതിജീവനത്തിന് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കോവിഡ് മഹാമാരി കാരണം പല കുടുംബങ്ങളിലും തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കോവിഡ്-19ന്റെ ആദ്യഘട്ട ലോക്ഡൗൺ കാലയളവിൽ സർക്കാർ പ്രഖ്യാപിച്ച സൗജന്യറേഷൻ, ഭക്ഷ്യ കിറ്റ് എന്നിവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമായി എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചികിത്സാ സൗകര്യം, അതിദാരിദ്ര്യം അനുഭവിക്കുന്നവർക്ക് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണ ലഭ്യത എന്നിവ ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പട്ടികജാതി കോളനികളിൽ കോവിഡ് മഹാമാരി കാരണം എന്തെല്ലാം പ്രയാസങ്ങളാണ് ഇനി പരിഹരിക്കാൻ ബാക്കിയുള്ളത്; അതിനായി എന്തെല്ലാം പരിഹാര നടപടികൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | കോവിഡ് മഹാമാരി കാരണം പല കുടുംബങ്ങളിലും തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കോവിഡ്-19ന്റെ ആദ്യഘട്ട ലോക്ഡൗൺ കാലയളവിൽ സർക്കാർ പ്രഖ്യാപിച്ച സൗജന്യറേഷൻ, ഭക്ഷ്യ കിറ്റ് എന്നിവ എല്ലാ കുടുംബങ്ങൾക്കും ലഭ്യമായി എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ വഴി ചികിത്സാ സൗകര്യം, അതിദാരിദ്ര്യം അനുഭവിക്കുന്നവർക്ക് കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണ ലഭ്യത എന്നിവ ഉറപ്പ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ